**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2127** **06.10.2016- ൽ മറുപടിക്ക്**

## കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. കെ. ബാബു** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണം നാളിതുവരെ തുടങ്ങിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ബൈപ്പാസ് റോഡിന് ബഡ്ജറ്റിൽ എത്ര കോടി രൂപയാണ് വകയിരുത്തിയതെന്നും, ഏത് വർഷമാണ് ഭരണാനുമതി ലഭിച്ചതെന്നും വിശദമാക്കാമോ; | (ബി) | കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 14.07.2009-ലെ സ.ഉ. (സാധാ) നം. 1045/2009/പൊ.മ.വ പ്രകാരം 1300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2016-17-ലെ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് 2,27,88,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ബൈപ്പാസ് റോഡിന്റെ പ്രവൃത്തി നാളിതുവരെ തുടങ്ങാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) യും (ഡി) യും | കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 14.5204 ഹെക്ടർ സ്ഥലം ആവശ്യമാണ്. അതിൽ 0.4594 ഹെക്ടർ സ്ഥലം സർക്കാർ പുറമ്പോക്കും ബാക്കി 14.0610 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളുടെ നിലവുമാണ്. സ്ഥലത്തിന്റെ അതിർത്തി നിർണ്ണയി... കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ... ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പൊന്നുംവില നടപടിക്രമനുസരിച്ച് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി പദ്ധതി ചെലവിന്റെ 25% (2,64,30,000/- രൂപ) മുൻകൂറായി കെട്ടിവെയ്ക്കുവാൻ റവന്യൂ വകുപ്പിൽ നിന്നും ആവശ്യപ്പെടുകയും, പ്രസ്തുത തുകയ്ക്കുള്ള ശുപാർശ സർക്കാർ പരിഗണനയിലുമാണ്. പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ പുരോഗതിയും ആവശ്യമായ തുകയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് |
| (ഡി) | ഈ റോഡിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ; | | |

ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

| | | | |
|---|---|---|---|
| (ഇ) | ഈ പ്രവൃത്തിക്കായി നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 14.07.2009-ലെ സ.ഉ. (സാധാ) നം. 1045/2009/പൊ.മ.വ പ്രകാരം 1300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2016-17-ലെ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് 2,27,88,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ